**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4331** **09-08-2021 - ൽ മറുപടിയ്ക്ക്**

**പാലാ കളരിയാമക്കൽ പാലം അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലാ - ഭരണങ്ങാനം ചെർപ്പുങ്കൽ റോഡിലെ കളരിയാമക്കൽ പാലം ജലവിഭവ വകുപ്പ് പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടില്ലാത്തതിനാൽ പാലം ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നപടികൾക്കായി പൊതുമരാമത്ത് നിരത്ത് വകുപ്പിൽ നിന്നും 13.01.2021-ലാണ് കോട്ടയം ജില്ലാ കളക്ടർക്ക് റിക്വിസിഷൻ ലഭ്യമാക്കുകയും പ്രസ്തുത അർത്ഥന പ്രകാരം കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നപടികൾക്കായി പൊന്നും വില ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) പാലായെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതുമാണ്. സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ആയതിനാൽ സ്ഥലം ഏറ്റെടുത്ത് നിലവിലുള്ള മറ്റു റോഡുകളുമായി ബന്ധിപ്പിച്ച് പാലം ഉപയോഗയോഗ്യമാക്കുന്നതിന് സർക്കാർ അനുവദിച്ച 13.39 കോടി രൂപ വിനിയോഗിച്ച് പാലം ഗതാഗതയോഗ്യമാക്കുമോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നപടികൾക്കായി പൊതുമരാമത്ത് നിരത്ത് വകുപ്പിൽ നിന്നും 13.01.2021-ലാണ് കോട്ടയം ജില്ലാ കളക്ടർക്ക് റിക്വിസിഷൻ ലഭ്യമാക്കുകയും പ്രസ്തുത അർത്ഥന പ്രകാരം കളരിയാമക്കൽ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നപടികൾക്കായി പൊന്നും വില ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) പാലായെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതുമാണ്. സ്ഥലമെടുപ്പ് സംബന്ധിച്ച അനുമതി ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ അർത്ഥനാധികാരി പൊതുമരാമത്ത് വകുപ്പ് മുഖേന ലഭ്യമാക്കുന്ന മുറക്ക് അനുമതി ഉത്തരവ് പുറപ്പെടുവിച്ച് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ